"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മഞ്ചേരി നഗരസഭയിലെ കച്ചേരിപ്പടി ഏരിയ വിശദ നഗരാസൂത്രണ പദ്ധതിയുടെ വ്യതിയാനത്തിന് അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.76/2025/LSGD തീയതി,തിരുവനന്തപുരം, 14-05-2025

---

പരാമർശം:-

1. ബഹു ഹൈക്കോടതിയുടെ WP(C)No.21634/2020- മേലുള്ള 22.06.2021, 18.03.2022 തീയതികളിലെ വിധിന്യായം
2. 21.05.2022 -ലെ സ.ഉ.(കൈ) നം.109/2022/തസ്വഭവ നമ്പർ ഉത്തരവ്.
3. 03.11.2022 ലെ 3737 - ◌ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനം
4. 04.07.2024 ലെ 2142 - ◌ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനം
5. മഞ്ചേരി നഗരസഭാ കൗൺസിലിന്റെ 03.10.2024 ലെ 15 -◌ാം നമ്പർ കൗൺസിൽ തീരുമാനം
6. 24.10.2024 ലെ മഞ്ചേരി നഗരസഭാ സെക്രട്ടറിയുടെ E3-505807-2024 നമ്പർ കത്ത്
7. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) -ന്റെ 24.01.2025 ലെ LSGD/PD/17503/2023-TCPB4 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരമുള്ള വിധിന്യായത്തിന്റെയും ആയതിനെ തുടർന്ന് പുറപ്പെടുവിച്ച പരാമർശം (2) ഉത്തരവിന്റേയും അടിസ്ഥാനത്തിൽ മഞ്ചേരി നഗരസഭയിൽ നിലവിലുണ്ടായിരുന്ന അംഗീകൃത കച്ചേരിപ്പടി ഏരിയ വിശദ നഗരാസൂത്രണ പദ്ധതി പുനരവലോകനം ചെയ്തു പരിഷ്കരിക്കുന്നതിന് കേരള നഗര- ഗ്രാമാസൂത്രണ ആക്ട് 2016 വകുപ്പ് 32 (1) പ്രകാരം സ്പെഷ്യൽ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത സ്പെഷ്യൽ കമ്മിറ്റിയുടെ ശിപാർശ പ്രകാരം അടിയന്തിരമായി മേഖലാ നിയന്ത്രണങ്ങളിൽ വ്യതിയാനം വരുത്തുന്നതിന് മഞ്ചേരി മുനിസിപ്പൽ കൺസിൽ തീരുമാനിക്കുകയും ആയതിന്റെ ഉദ്ദേശ്യം പരാമർശം (3) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്

അപ്രകാരം വ്യതിയാനം വരുത്തിയ കരട് വിശദ നഗരാസൂത്രണ പദ്ധതി പരാമർശം (4) പ്രകാരം ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതും പ്രസിദ്ധീകരിച്ച കരട് വിശദ നഗരാസൂത്രണ പദ്ധതി സംബന്ധിച്ച് അനുവദനീയമായ സമയ പരിധിക്കുള്ളിൽ ലഭ്യമായ ആക്ഷേപ നിർദ്ദേശങ്ങൾ പരിഗണിക്കുകയും വിശദ നഗരാസൂത്രണ പദ്ധതിയിലെ വ്യതിയാനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് പരാമർശം (5) പ്രകാരം നഗരസഭാ കൗൺസിൽ

അംഗീകരിച്ചിട്ടുള്ളതുമാണ് . തുടർന്ന് കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 50(2) പ്രകാരം വ്യതിയാനം വരുത്തി, മഞ്ചേരി നഗരസഭ സെക്രട്ടറി പരാമർശം (6) പ്രകാരം സമർപ്പിച്ച കച്ചേരിപ്പടി ഏരിയ വിശദ നഗരാസൂത്രണ പദ്ധതിയുടെ കരട് വ്യതിയാനം അന്തിമ അനുമതി നൽകുന്നതിനായി പരാമർശം (7) പ്രകാരം ചീഫ് ടൗൺ പ്ലാനർ ശിപാർശ ചെയ്തിട്ടുള്ളതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചീഫ് ടൗൺ പ്ലാനറുടെ ശിപാർശ പരിഗണിച്ച് മഞ്ചേരി നഗരസഭയിലെ വിശദ നഗരാസൂത്രണ പദ്ധതിയായ കച്ചേരിപ്പടി ഏരിയ വിശദ നഗരാസൂത്രണ പദ്ധതിയുടെ വ്യതിയാനത്തിന് (അനുബന്ധമായി ചേർത്തിരിക്കുന്നു) കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് വകുപ്പ് 46 (5), 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 10 എന്നിവ പ്രകാരമുള്ള അന്തിമ അനുമതി നൽകുന്നതോടൊപ്പം പ്രസ്തുത വ്യതിയാനം സംബന്ധിച്ച് 2016 ലെ കേരള നഗര- ഗ്രാമാസൂത്രണ ആക്റ്റിന്റെ വകുപ്പ് 46(6), 2021 -ലെ കേരള നഗര-ഗ്രാമാസൂത്രണ (വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 11 എന്നിവ പ്രകാരം ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് മഞ്ചേരി നഗരസഭയ്ക്ക് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2, മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3, ജില്ലാ നഗരാസൂത്രകൻ, മലപ്പുറം (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സെക്രട്ടറി, മഞ്ചേരി നഗരസഭ
ട. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ./ഓഫീസ് കോപ്പി

Signed by
Bijukumar T
Date: 14-05-2025 17:49:14